LIBRARY ARCHIVES Kerala Legislative Assembly

റബ്ബർ സംഭരണ നടപടികൾ

253 (1693) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ ഘട്ടങ്ങളിലായി പ്രഖ്യാപിച്ച റബ്ബർ സംഭരണ നടപടികളെക്കുറിച്ച് വിശദമാക്കാമോ ;

(ബി) സർക്കാർ പ്രഖ്യാപിച്ച റബ്ബർ സംഭരണം ഏതെല്ലാം ഏജൻസികളെയാണ് ഏല്പിച്ചിരുന്നത് ; വിശദമാക്കുമോ ;

(സി) റബ്ബർ സംഭരണം ഏതെങ്കിലും തരത്തിൽ വിപണിയിൽ ചലനം സൃഷ്ടിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(ഡി) സംഭരണ നടപടികൾക്കായി ഖജനാവിൽ നിന്നും നാളിതുവരെ ചെലവാക്കിയ തുക സംബന്ധിച്ച കണക്ക് ലഭ്യമാണോ ; എങ്കിൽ ലഭ്യമാക്കാമോ ?

ഉത്തരം

(എ) സ്വാഭാവിക റബ്ബറിന്റെ വില വളരെ താഴ്ന്നുനിൽക്കുന്ന സാഹചര്യത്തിൽ കേരളത്തിലെ റബ്ബർ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് 25-2-2014 തീയതിയിലെ സ.ഉ.(എംഎസ്.) നമ്പർ 56/2014/കൃഷി പ്രകാരം ഉത്തരവായിട്ടുണ്ട്. റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ്, റബ്ബർ ബോർഡിന് കീഴിലുള്ള റബ്ബർ പ്രൊഡ്യൂസേഴ്സ് കമ്പനികൾ എന്നീ ഏജൻസികൾ മുഖേനയാണ് റബ്ബർ സംഭരണം നടത്തുന്നത്. ഒന്നാംഘട്ട റബ്ബർ സംഭരണത്തിൽ സംഭരണ ഏജൻസികൾക്ക് കിലോയ്ക്ക് 6 രൂപ നിരക്കിൽ (കൈകാര്യച്ചെലവും റബ്ബർ വില വ്യത്യാസവും ഉൾപ്പെടെ) സർക്കാരിന്റെ സാമ്പത്തിക ബാദ്ധ്യത പരമാവധി 6 കോടി രൂപയിൽ പരിമിതപ്പെടുത്തത്തക്ക വിധം കിലോയ്ക്ക് 6 രൂപ കൈകാര്യച്ചെലവായി സംഭരണ ഏജൻസികൾക്ക് അനുവദിക്കുകയും ഇതിനായി കൃഷി സഹകരണ വകുപ്പുകൾ 2:1 എന്ന അനുപാതത്തിൽ തുക കണ്ടെത്തുകയും സംഭരണത്തിനായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ റബ്ബർ സംഭരണവുമായി ബന്ധപ്പെട്ട് സംഭരണ ഏജൻസികളായ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷനും (റബ്ബർ മാർക്ക്) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിനും (മാർക്കറ്റ് ഫെഡ്) റബ്ബർ സംഭരണം

അടിയന്തരമായി പുനരാരംഭിക്കുവാനായി 5 കോടി രൂപ വീതം 2435-01-101-85-വിലസ്ഥിരതയ്ക്ക് വേണ്ടി വിപണിയിൽ ഇടപെടൽ (പദ്ധതി) എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

റബ്ബർ സംഭരണം ആരംഭിച്ചപ്പോൾ കോട്ടയം വിപണിയിലൂടെ ദൈനംദിന വിപണിവിലയിൽ നിന്നും കിലോയ്ക്ക് 2 രൂപ കൂടുതൽ നൽകി ആർ.എസ്.എസ്. 4 ഗ്രേഡിലുള്ള റബ്ബറാണ് സംഭരിച്ചിരുന്നത്. എന്നാൽ 13-10-2014 തീയതിയിലെ സ.ഉ.(എംഎസ്.) നമ്പർ 232/2014/കൃഷി പ്രകാരം ആർ.എസ്.എസ്. 5 ഗ്രേഡിലുള്ള റബ്ബർ കർഷകരിൽനിന്നും സംഭരിക്കുവാൻ ഉത്തരവാകുകയും തുടർന്ന് 6-11-2014 തീയതിയിലെ സ.ഉ.(എംഎസ്.) നമ്പർ 254/2014/കൃഷി പ്രകാരം റബ്ബർ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് റബ്ബർ ബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണിയിൽനിന്നും കിലോയ്ക്ക് 5 രൂപ കൂടുതൽ നൽകി ആർ.എസ്.എസ്.4, ആർ.എസ്.എസ്. 5 ഗ്രേഡുകളിലുള്ള റബ്ബർ സംഭരിക്കുവാൻ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

(ബി) റബ്ബർ മാർക്ക്, മാർക്കറ്റ് ഫെഡ്, റബ്ബർ ബോർഡിന് കീഴിലുള്ള റബ്ബർ പ്രൊഡ്യൂസർ കമ്പനികൾ എന്നീ ഏജൻസികളെയാണ് റബ്ബർ സംഭരണം ഏൽപ്പിച്ചിരിക്കുന്നത്.

(സി) റബ്ബർ സംഭരണംമൂലം കർഷകർക്ക് ന്യായമായ വില ലഭിക്കാൻ കഴിഞ്ഞു. വിപണി വില ഒരു പരിധി വരെ നിയന്ത്രിക്കുവാൻ കഴിഞ്ഞെങ്കിലും അന്താരാഷ്ട്ര വിപണിയിലെ വിലയിടിവ്മൂലം കാര്യമായ ചലനം വിപണിയിൽ ഉണ്ടായിട്ടില്ല.

(ഡി) കൃഷി വകുപ്പിന്റെ വില സ്ഥിരതയ്ക്ക് വേണ്ടി വിപണിയിൽ ഇടപെടൽ (പദ്ധതി) എന്ന ശീർഷകത്തിൽനിന്നും 10 കോടി രൂപ അധിക ധന അനുമതിയിലൂടെ റബ്ബർ സംഭരണത്തിന് അടിയന്തരമായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്നും 5 കോടി രൂപ വീതം സംഭരണ ഏജൻസികളായ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷനും (റബ്ബർ മാർക്ക്) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിനും (മാർക്കറ്റ് ഫെഡ്) അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2013-14-ൽ വിലസ്ഥിരതയ്ക്കുവേണ്ടി വിപണിയിൽ ഇടപെടൽ (പദ്ധതി) പ്രകാരം സംഭരണ ഏജൻസികൾക്ക് കിലോയ്ക്ക് 6 രൂപ നിരക്കിൽ (കൈകാര്യച്ചെലവും റബ്ബർ വില വ്യത്യാസവും ഉൾപ്പെടെ) 4 കോടി രൂപ കൃഷി വകുപ്പിൽനിന്നും അനുവദിച്ചിട്ടുണ്ട്. 23-10-2014-ലെ സ.ഉ.(എംഎസ്.) നമ്പർ 576/2014/സഹ. പ്രകാരം 5 കോടി രൂപ സംഭരണ ഏജൻസികൾക്ക് സഹകരണ വകുപ്പ് അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly